KSFESA C I T U

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180 /71, Kottapuram Road, Thrissur-4
(Affiliated to C.I.T.U.No.K.1128)
Email: ksfesacitusc@gamil.com, Web: www.ksfesa.com

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**

## സർക്കുലർ 3/2017

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന ഭാരവാഹികളുടെ യോഗം 21.03.2017 (ചൊവ്വാഴ്ച) രാവിലെ 9.30ന് തൃശൂരിൽ ചേർന്നു. കേരളത്തിലെ സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും പൊതു മേഖലാസ്ഥാപനങ്ങളിലെയും ജീവനക്കാരുടെ സ്ഥലംമാറ്റചട്ടങ്ങൾ കാലാനുസൃതമായി, ശാസ്ത്രീയ മായി പരിഷ്ക്കരിക്കാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാർ തീരുമാനം എടുത്തിരിക്കുകയാണ്. പ്രസ്തുത സർക്കാർ തീരുമാനം കെ.എസ്.എഫ്.ഇ യിൽ നടപ്പാക്കുന്നതിന് വേണ്ടി ഇന്നേ ദിവസം (21.03.2017) ഹെഡ്ഓഫീസിൽ സംഘടനകളുടെ യോഗം മാനേജ്മെന്റ് വിളിച്ചുചേർത്ത സാഹചര്യ ത്തിലാണ് ഭാരവാഹിയോഗം ചേർന്നത്. മാനേജ്മെന്റ് നൽകിയ കരട് നിർദ്ദേശം ഭാരവാഹിയോഗം ചർച്ച ചെയ്യുകയും പ്രധാന ന്യൂനതകൾ രേഖാമൂലം നൽകാനും തീരുമാനിച്ചു. കൂടാതെ സ്ഥാപനത്തി ന്റെയും ജീവനക്കാരുടെയും അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ചയിൽ ഉന്നയിക്കാനും തീരു മാനിച്ചു.

**<u>മാനേജ്മെന്റുമായി നടന്ന ചർച്ച</u>**

ട്രാൻസ്ഫർ നോംസ് എന്ന അജണ്ടയിൽ 21.03.2017ന് രാവിലെ 11 മണിക്ക് മാനേജ്മെന്റുമായി ചർച്ച നടന്നു. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ഒഴികെയുള്ള ഭാരവാഹികൾ പങ്കെ ടുത്തു. ശാസ്ത്രീയവും സുതാര്യവുമായ സ്ഥലംമാറ്റചട്ടങ്ങൾ രൂപപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേ ശത്തിന്റെ ഭാഗമായാണ് സ്ഥലംമാറ്റചട്ടങ്ങളുടെ കരട് തയ്യാറാക്കിയതെന്നും സംഘടനകളുടെ അഭിപ്രാ യങ്ങളും ഭേദഗതി നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സമഗ്രമായ സ്ഥലംമാറ്റചട്ടത്തിന് എത്രയും വേഗം രൂപം കൊടുക്കണമെന്നും ചെയർമാനും എം.ഡിയും അറിയിച്ചു.

നമ്മുടെ നിർദ്ദേശങ്ങൾ

1. കെ.എസ്.എഫ്.ഇ യിൽ സുതാര്യവും അഴിമതിരഹിതവുമായ സ്ഥലംമാറ്റചട്ടങ്ങൾ കൊണ്ടുവരാ നുള്ള സർക്കാരിന്റെയും മാനേജ്മെന്റിന്റെയും പരിശ്രമത്തിന് സംഘടനയുടെ പിന്തുണ നാം വാഗ്ദാനം ചെയ്തു.
2. HRIS/ HRMS സോഫ്റ്റ്‌വെയർ തയ്യാറാക്കി സ്ഥലംമാറ്റ പ്രക്രിയ ഓൺലൈൻ ആക്കുന്നതിനുള്ള നടപടി ഉണ്ടാകണം.
3. ട്രാൻസ്ഫർ നോംസ് വനിതാ സൗഹൃദപരമാകണം.

4. ഓഫീസ് അറ്റൻഡന്റ്, പി.ടി.എസ് ജീവനക്കാരുടെ നിയമനം, സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ഉണ്ടാകണം.

5. ഭരണഘടനാപരമായ സംരക്ഷിത വിഭാഗങ്ങൾ, കേന്ദ്ര- സംസ്ഥാന സർക്കാർ ഉത്തരവുകളിലൂടെയും കോടതി വിധികളിലൂടെയും സംരക്ഷിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സംരക്ഷിത പട്ടിക വിപുലപ്പെടുത്തണം.

6. സംഘടനാ പ്രവർത്തകർക്കും കെ.എസ്.എഫ്.ഇ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണ സമിതിഅംഗങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തണം.

7. വിദൂര സർവ്വീസ്/ മലബാർ സർവ്വീസ്/ ഹിൽ ഏര്യാ സർവ്വീസ് എന്നിവ വ്യക്തത വരുത്തി ചട്ടത്തിൽ ഉൾപ്പെടുത്തണം.

സംഘടനാ വേദികളിൽ ചർച്ച ചെയ്ത് സംഘടനയുടെ നിർദ്ദേശങ്ങൾ രേഖാമൂലം സമയബന്ധിതമായി അറിയിക്കുമെന്ന് നാം മാനേജ്മെന്റിനെ അറിയിച്ചു. 2017 ഏപ്രിൽ 10നകം സംഘടനയുടെ നിർദ്ദേശം മാനേജ്മെന്റിന് നൽകാമെന്ന പൊതുധാരണയുണ്ടായി. കെ.എസ്.എഫ്.ഇ യുടെ വെബ്സൈറ്റിൽ 'സ്ഥലം മാറ്റ കരട് നിർദ്ദേശങ്ങൾ' പരസ്യപ്പെടുത്തുമെന്ന് ചെയർമാൻ അറിയിച്ചു.

നമ്മുടെ സംഘടനയുടെ വെബ്സൈറ്റിൽ 'സ്ഥലംമാറ്റ കരട് നിർദ്ദേശങ്ങൾ' പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. യൂണിറ്റ് യോഗങ്ങൾ ചേർന്ന് അംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ജില്ലാകമ്മിറ്റികൾ മുഖേന 03.04.2017 ന് മുമ്പ് നൽകേണ്ടതാണ്.

താഴെ കൊടുക്കുന്ന വിഷയങ്ങൾ നാം ചർച്ചയിൽ ഉയർത്തി.

| **ചർച്ചയിൽ നാം ഉയർത്തിയ വിഷയങ്ങൾ** | **മാനേജ്മെന്റിന്റെ പ്രതികരണം** |
|---|---|
| 1. ശമ്പളപരിഷ്ക്കരണ കുടിശ്ശിക പൂർണ്ണമായും അടിയന്തിരമായി വിതരണം ചെയ്യണം. | 1. ഏപ്രിൽ മാസത്തിൽ തന്നെ ബാക്കിയുള്ള 50% കുടിശ്ശിക വിതരണം ചെയ്യും. |
| 2. ശമ്പള പരിഷ്ക്കരണം- 2012 ജൂലൈ മാസത്തിനുശേഷം സർവ്വീസിൽ പ്രവേശിച്ച പി.റ്റി.എസ് ജീവനക്കാരുടെ മിനിമം ശമ്പളവർദ്ധനവ് 1000/- രൂപയാക്കി നിശ്ചയിക്കുക. | 2. കരാർ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങി കഴിഞ്ഞതിനാൽ പ്രസ്തുത പ്രശ്നം സംഘടനകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ് ഉചിതം. സർക്കാർ അഭിപ്രായം ചോദിച്ചാൽ ജിവനക്കാർക്കനുകൂലമായി മാനേജ്മെന്റ് നിലപാട് സ്വീകരിക്കും. |
| 3. ബോണസ് ആക്ട് ഭേദഗതിയ്ക്കനുരോധമായി 2014-15ലെ ബോണസ് പുതുക്കി നിശ്ചയിച്ച് കുടിശ്ശിക വിതരണം ചെയ്യുക. | 3. അനുഭാവപൂർവ്വം പരിഗണിക്കും. |
| 4. 2014 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ മുൻ മാനേജ്മെന്റ് തീരുമാനം തിരുത്തുക. | 4. എൽ.ഐ.സി ഈ പദ്ധതി നിർത്തുകയാണ് ചെയ്തത്. സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റുമായി ചർച്ച ചെയ്ത് പുതിയ പദ്ധതി കൊണ്ടുവരും. |

| ചർച്ചയിൽ നാം ഉയർത്തിയ വിഷയങ്ങൾ | മാനേജ്മെന്റിന്റെ പ്രതികരണം |
|---|---|
| 5. 2014 സെപ്തംബർ മുതൽ സർവ്വീസിൽ പ്രവേശിച്ച അസിസ്റ്റന്റ് / ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് പെൻഷൻ നടപ്പിലാക്കുക. | 5. ഈ വിഭാഗം ജീവനക്കാർ എൻ.പി.എസിൽ ചേരണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശം പരിശോധിച്ച് ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ്. |
| 6. IDLI, ILAVU അടക്കമുള്ള പദ്ധതികളുടെ പേരിൽ അധികം ജോലിഭാരം അടിച്ചേൽപ്പിക്കുന്ന HO/ RO നയം തിരുത്തുക. ഓൺലൈൻ ആയ ശാഖകളിൽ നിന്നുപോലും അനാവശ്യമായി സ്റ്റേറ്റ്മെന്റുകൾ നിരന്തരം ആവശ്യപ്പെടുന്ന HO/ RO ഓഫീസുകളുടെ പ്രവണത അവസാനിപ്പിക്കുക. | 6. പ്രശ്നം ഗൗരവമായി പരിശോധിച്ച് തിരുത്താൻ നടപടികൾ സ്വീകരിക്കും. |
| 7. കെ.എസ്.എഫ്.ഇ അംഗീകൃത സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ചികിത്സാചെലവിന്റെ റീഎംബേഴ്സ്മെന്റ് തടഞ്ഞുവച്ചിരിക്കുന്ന നയം തിരുത്തുക (ഈ വിഷയവുമായി ബന്ധപ്പെട്ട് സംഘടന മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് നമ്മുടെ വെബ്സൈറ്റിൽ വായിക്കാവുന്നതാണ്.) | 7. മാനേജ്മെന്റ് തലത്തിൽ രൂപീകരിച്ചിരുന്ന കമ്മിറ്റി പരിശോധിച്ച് ഫയലുകളിൽ ഉടൻ തീർപ്പുണ്ടാക്കും. |

യോഗം 12.30ന് സമാപിച്ചു.

ഉച്ചകഴിഞ്ഞ് 2.30ന് മാനേജിംഗ് ഡയറക്ടർ സംഘടനാ ഭാരവാഹികളുടെ യോഗം പ്രത്യേകം വിളിക്കുകയുണ്ടായി. സ്ഥാപനവുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന വിവരങ്ങളുടെ അവതരണമാണ് അദ്ദേഹം നടത്തിയത്.

മാനേജിംഗ് ഡയറക്ടറുടെ അവതരണത്തിലെ പ്രസക്തഭാഗങ്ങൾ

1. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്. എഫ്..ഇ യെന്നും കെ.എസ്.എഫ്..ഇ യുടെ 2015-16-ലെ പ്രവർത്തനലാഭം 153 കോടിയാണെന്നുമാണ് പത്രവാർത്തകൾ. 153 കോടിയെന്നത് Profit before Tax ആണ്. 2015-16 -ലെ Profit after Tax 36 കോടി മാത്രമാണ്.

2 ICRA, CRISIL ഉൾപ്പെടെയുള്ള ഒരു ദേശീയ-അന്തർദേശീയ റേറ്റിംഗ് ഏജൻസികളുടെയും സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ ഇതുവരെയും നേടിയിട്ടില്ലായെന്നത് നിസാരമായി കാണരുത്.

4. കെ.എസ്.എഫ്.ഇയുടെ 'Profit per employee 55000/- രൂപ മാത്രമാണ്. ഉദ്പാദനക്ഷമത വർധിപ്പിക്കേണ്ട ആവശ്യത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

5. കെ.എസ്.എഫ്.ഇയുടെ cost of Fund (ഗ്യാരണ്ടി കമ്മിഷനും ടാക്സ് കംപൊണന്റും ഉൾപ്പെടെ)11.3 % ആണ്? ഇത് ലാഭത്തെയും വായ്പാ പദ്ധതികളെയും പ്രതികൂലമായി ബാധിക്കുന്നു.

6. ജീവനക്കാർക്ക് ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന താരതമ്യേന മെച്ചപ്പെട്ട മെഡിക്കൽ റീഎംബേഴ്സ്മെന്റ്, ഗ്രാറ്റുവിറ്റി, മറ്റാനുകൂല്യങ്ങൾ എന്നിവ sustainable ആകണമെങ്കിൽ, നല്ല ചിന്തയും പരിശ്രമവും ആവശ്യമാണ്.

7. നമ്മുടെ കോർപറേറ്റ് ഓഫീസ്. റീജിയണൽ ഓഫീസുകൾ, ശാഖകൾ എന്നിവയുടെ അകവും പുറവും ആധുനികവത്കരിക്കണം. ജീവൻ തുടിക്കുന്ന ലോഗോ ഉണ്ടാകണം.

കേരളത്തിലെ ഏറ്റവും ജനകീയ പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, നാം ആർജിച്ച വിശ്വാസമാണ് നമ്മുടെ കരുത്ത്. നമ്മുടെ goodwill ആണ് നമ്മുടെ ആസ്തി. നമ്മുടെ സ്ഥാപനം Online ആകുന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. സർക്കാരിന്റെ ഉറച്ച പിന്തുണ ആത്മവിശ്വാസം നൽകുന്നു. കൂട്ടായ്മയുടെ മനുഷ്യചങ്ങല തീർത്ത് ഒരുമിച്ച് പോകാമെന്ന് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം അവതരണം അവസാനിപ്പിച്ചു.

മാനേജ്മെന്റിന്റെ എല്ലാ നല്ല പരിശ്രമങ്ങൾക്കും സ്റ്റാഫ് അസോസിയേഷന്റെ ഉറച്ച പിന്തുണയുണ്ടാകുമെന്ന് നാം അറിയിച്ചു.

അഭിവാദനങ്ങളോടെ,

കൊല്ലം
29-3-2017

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ

**കെ.എസ്.എഫ്.ഇയുടെ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിൽ നിശ്ചയദാർഢ്യത്തോടു കൂടി നടപടി സ്വീകരിച്ച കേരള സർക്കാരിനും മാനേജുമെന്റിനും അർപ്പണ മനോഭാവത്തോടു കൂടി പ്രവർത്തിച്ച കാസ്ബാ ടീം അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ക്ഷമാ പൂർവ്വം സഹകരിച്ച ഇടപാടുകാർക്കും കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷന്റെ ഊഷ്മളമായ അഭിവാദ്യങ്ങൾ.**

*N.B: സിഐടിയു സംഘടിപ്പിക്കുന്ന മെയ്ദിന കായിക മത്സരങ്ങളിൽ നമ്മുടെ അംഗങ്ങൾ പരമാവധി പങ്കെടുക്കണം. വിശദവിവരങ്ങൾക്ക് നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക.*